# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6321** — **08/11/2016-ന് മറുപടിക്ക്**

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.കെ.വിജയൻ
ശ്രീമതി.സി.കെ.ആശ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | വിവിധ തസ്തികകളിലെ നിയമനത്തിനായി പി.എസ്.സി.റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെങ്കിലും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിനാൽ റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് നിയമനം ലഭിക്കുന്നില്ല എന്ന സ്ഥിതി വിശേഷം വിലയിരുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | സർക്കാർ സർവ്വീസിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ അതത് മാസം തന്നെ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്ന ഉത്തരവുകൾ/ നിർദ്ദേശം പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിലെ 3-ാം വകുപ്പിൻപ്രകാരം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പ് മേധാവിയും ഓരോ തദ്ദേശസ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്നതായ സേവനങ്ങളുടെ കൂട്ടത്തിൽ അതത് ഓഫീസിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതും കൂടി സേവനാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്ക-ണമെന്ന് 08.02.2016-ലെ സർക്കുലർ നമ്പർ 22488/എ.ആർ12(1)/15/ഉഭപവ പ്രകാരം |
| (ബി) | സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ: | | |
| (സി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതോടുകൂടി ഇക്കാര്യത്തിൽ ഏത് തരത്തിലുള്ള പുരോഗതി കൈവരിക്കാനാകുമെന്ന് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഇക്കാര്യം ഉൾപ്പെടുത്തിയതിനാൽ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടത് അതത് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. അപ്രകാരം . ചെയ്യാതിരുന്നാൽ പ്രസ്തുത നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള ശിക്ഷാ നടപടികൾക്ക് വിധേയമാകേണ്ടിവരും. |
| (ഡി) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി വ്യവസ്ഥ ചെയ്യുമോ ? | (ഡി) | നിയുക്ത ഉദ്യോഗസ്ഥർ സേവനം നൽകുന്നതിൽ കാരണമില്ലാതെ വീഴ്ച വരുത്തിയാലും കാലതാമസം വരുത്തിയാലും പിഴ ഈടാക്കുന്നതിനും ശിക്ഷ ചുമത്തുന്നതിനും സേവനാവകാശ ആക്ടിലെ വകുപ്പ് 8 പ്രകാരം വ്യവസ്ഥയുണ്ട്. |

**സെക്ഷൻ ഓഫീസർ**